# ആശംസ

വികസിതരാജ്യങ്ങളെപ്പോലും അമ്പരിപ്പിക്കത്തക്കതരത്തിലുള്ള ഒട്ടനവധി നേട്ടങ്ങൾ കേരളം കഴിഞ്ഞ നൂറ്റാിൽ കൈവരിച്ചിട്ടു്. ഇന്ത്യയിലെ തന്നെ ഇതരസംസ്ഥാനങ്ങൾക്ക് ഇതിനടുത്തെത്താനായിട്ടില്ല. ഇന്ത്യയിലുായ നവോത്ഥാനപ്രക്രിയ മേൽത്തട്ടിൽ നിന്ന് താഴെയ്ക്കിറങ്ങി വരികയായിരുന്നു. രാജാറാം മോഹൻ റോയ് ഭാരതത്തിന്റെ നവോത്ഥാന പ്രതീകമായത് അങ്ങനെയാണ്. മുകളിൽ നിന്നുള്ള ഈ നവധാര അടിയിലെത്തും മുൻപ് പലയിടത്തും വറ്റിവര് മേല്പാടയിലൊതുങ്ങി നിന്നു. കേരളത്തിൽ സംഭവിച്ചത് നേരെ മറിച്ചാണ്. അടിയിൽ നിന്നുയർന്ന ശക്തി മേൽത്തട്ടുകളെ തകിടം മറിച്ചാണ് ഇവിടെ മാറ്റമുാക്കിയത്. ശ്രീനാരായണഗുരുവും അയ്യങ്കാളിയും പണ്ഡിറ്റുകറുപ്പനും തുടർന്ന് ഇടതുപക്ഷപ്രസ്ഥാനങ്ങളുമാണ് കേരളത്തിന് വളർച്ചയുാക്കിയത്. ഈ വളർച്ചയാകട്ടെ സാമൂഹ്യനീതിയിൽ ഉറച്ചതുമായിരുന്നു. അതിനുതകുന്ന പുരോഗമനോന്മുഖമായൊരു മനോമണ്ഡലം കേരളം വികസിപ്പിച്ചെടുത്തിരുന്നു. ഇതിന്റെ ഫലമാണ് വിദ്യാഭ്യാസരംഗത്തും ആര്യോഗ്യരംഗത്തുമൊക്കെ കേരളത്തിനുായ നേട്ടങ്ങൾ.

എന്നാൽ, ഈ നേട്ടങ്ങളുടെ ഫലമനുഭവിച്ച് വളർന്നു വന്ന മദ്ധ്യവർഗ്ഗം ഇന്ന് വൻകിടമേൽത്തട്ടുകാരുടെ പിൻബലത്തിൽ തിരിഞ്ഞുനിന്ന് കൊത്തുകയാണ്. അയുക്തികവാദങ്ങളും അന്ധവിശ്വാസങ്ങളും പ്രചരിപ്പിച്ച് നേട്ടങ്ങളെ തങ്ങളുടെ കച്ചവടതാത്പര്യങ്ങൾക്ക് വേി പിന്നോട്ടടിക്കാൻ അവർ തന്ത്രങ്ങൾ മെനയുന്നു. കേരളീയ മനസ്സിന്നൊരു വലതുപക്ഷവ്യതിയാനം വരുത്താനാണ്, വ്യക്തമായ ലക്ഷ്യത്തോടെ, അവർ ശ്രമിക്കുന്നത്.

സമൂഹചേതന ഉണരേ സമയമാണിത്. ശാസ്ത്രത്തിന്റെ നേട്ടങ്ങളെ അക്കാദമിക് ദന്തഗോപുരങ്ങളിൽ നിന്ന് സമൂഹമദ്ധ്യത്തിലേക്ക് കൊുവരണം. ശാസ്ത്രീയ ബോധവും അന്വേഷണവ്യഗ്രതയും നിലനിർത്തണം. വികസനത്തിന്റെ കപടമുഖം ജനങ്ങളുടെ മുൻപിൽ തുറന്നുകാട്ടണം. സാമ്പത്തികരംഗത്തും സാംസ്കാരിക രംഗത്തും തിരശ്ശീലയ്ക്ക് പിന്നിൽ ഇളകിയാടുന്ന കത്തിവേഷങ്ങളെ തിരിച്ചറിയാൻ സഹജീവികളെ സഹായിക്കണം. ഇപ്പോളിത് ചെയ്തിലെങ്കിൽ ഭാവിതലമുറ നമ്മെ കുറ്റക്കാരെന്ന് വിധിക്കും.

മലയാളമനസ്സിന് നാവ് നൽകി കരുത്ത് പകരാനാണ് കഴിഞ്ഞകാലമത്രയും ശാസ്ത്രസാഹിത്യപരിഷത്ത് പ്രവർത്തിച്ചത്. ഇതേ ദിശയിൽ കൂടുതൽ ഊർജ്ജസ്വലമായ കർമ്മപദ്ധതി ആവിഷ്കരിക്കാൻ തൃശ്ശൂർ സമ്മേളനത്തിന് കഴിയുമെന്ന് പ്രത്യാശിക്കുന്നു.

**ഡോ.കെ.ജി. പൗലോസ്**
വൈസ് ചാൻസലർ

കേരള കലാമണ്ഡലം
31/01/2008